05/08/2024 ന്. 3.00 PM ന് തലശ്ശേരി മുനിസിപ്പാലിറ്റിയിൽ വെച്ച് ചേർന്ന സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ അദാലത്ത് സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ & ഐ. വി. ഒ -(ഒപ്പ് )

2. നിഷ വി വി -അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD -( ഒപ്പ്)

3. രാജീവ് പി എം-അസിസ്റ്റൻറ് ടൌൺ പ്ലാനർ LSGD Planning--(ഒപ്പ് )

72/07-2024 തീയ്യതി 23/07/2024(എരഞ്ഞോളി ഗ്രാമപഞ്ചായത്ത്)

ഉപജില്ലാ അദാലത്ത് പോർട്ടലിൽ ശ്രീ.വി സജീവൻ,വടക്കെയിൽ വടക്കുമ്പാട് (16 ാം വാർഡ്) എന്നവർ ലൈഫ് ഭവന പദ്ധതി പ്രകാരം 480 സ്ക്വയർ ഫീറ്റ് വീട് പണി കഴിഞ്ഞ് അതിന്റെ നമ്പർ കിട്ടിയതിനുശേഷം ഒരു ബെഡ് റൂം,അടുക്കള ,വർക്ക് ഏരിയ,ബാത്ത് റൂം എന്നിവ പഞ്ചായത്തിന്റെ മുൻകൂട്ടി അനുമതിയില്ലാതെ കൂട്ടിചേർത്തിരുന്നു. ഇപ്പോൾ വീടിന് മുൻഭാഗത്ത് ജീവനോപാദിക്കുവേണ്ടി ഒരു കടയെടുക്കാൻ പെർമിറ്റിന് വേണ്ടി പഞ്ചായത്തിൽ അപേക്ഷ കൊടുത്തപ്പോൾ വീടിന് പിൻഭാഗത്ത് എടുത്ത പൊസിഷൻകൂടി ഇതിന്റെ കൂടെ കൊടുത്തിരുന്നു. വീട് ഞാൻ എടുക്കുന്നതിന് മുമ്പ് സാധനം സൂക്ഷിക്കാൻ മതിലിനോട് ചേർന്ന് ഒരു ഷെഡ് എടുത്തിരുന്നു. ആയതുകൊണ്ടാണ് പെർമിറ്റ് അനുവദിക്കാത്തതെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിരുന്നത്. ആയതിനാൽ കട എടുക്കേണ്ട ആവശ്യത്തിലേക്ക് എനിക്ക് പെർമിഷൻ തരുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാതിയിൽ, പരാതിക്കാരനേയും, ഗ്രാമപഞ്ചായത്ത് ഓവർസിയർ, ക്ലാർക്ക് എന്നിവരെ നേരിൽ കേട്ടതിൽനിന്നും, ഫയൽ പരിശോധിച്ചതിൽനിന്നും, ടി സ്ഥലം കൂടി നേരിട്ട് പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് 23/07/2024 ലെ 70/07-2024 പ്രകാരം തീരുമാനമെടിത്തതിന്റെ അടിസ്ഥാനത്തിൽ 05/08/2024 ന് പരാതി കക്ഷിയുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് എഞ്ചിനിയര് , ഓവർസിയർ എന്നിവർ ഉൾപ്പെടെ അദാലത്ത് സമിതി സ്ഥല പരിശോധന നടത്തിയതിൽ, സെക്രട്ടറി 20/04/2024 ലെ നോട്ടിസിൽ പറഞ്ഞിരിക്കുന്ന 1). പ്ലോട്ടിൽ KPBR 2019 ചട്ടം 67 ലംഘിച്ച് ഷെഡ് നിർമ്മാണം നടത്തിയതായി കാണുന്നു ,2). പ്ലോട്ടിൽ തൊട്ടടുത്ത പ്ലോട്ട് അതിർത്തിയോട് ചേർന്ന് 1.5 മീറ്റര് ആഴത്തില് മണ്ണെടുത്തതിനൽ KPBR 2019 ചട്ടം 10 പ്രകാരം സംരക്ഷണ നടപടികള് സ്വീകരിക്കേണ്ടാതാണെന്ന് അപാകതകളിൽ , നിർമ്മാണം പൂർത്തീകരിച്ച വീടിന്റെ ഒരു വശം കെട്ടിടത്തിൽ നിന്നും ഒരു മീറ്റർ അകലത്തിൽ, മേൽ കെട്ടിട

നിർമ്മാണത്തിനായി  രണ്ട് മീറ്റർ ഉയരത്തിൽ മണ്ണ് എടുത്തുമാറ്റിയത് കാരണം നിലവിൽ മൺതിട്ട ഉള്ളതായി  കാണുന്നു. കെട്ടിട ഭാഗത്തേക്ക് ചെറിയ രീതിയിൽ ചരിഞ്ഞാണ് മണ്ണെടുത്തത് എന്നും  കാണുന്നു. കൂടാതെ തറ നിരപ്പിൽ നിന്നും 80 സെന്റീമീറ്റർ ഉയരത്തിന് ശേഷം  ദുർബലമായ മണ്ണാണെന്ന് അദാലത്ത് സമിതിക്ക് ബോധ്യപ്പെട്ടുകയും ആയതിനാല്  മേൽഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടത് താമസക്കാരുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണെന്ന്  അപേക്ഷകനെ ബോധ്യപ്പെടുത്തുകയും ചെയ്തു . ടി വശം വരുന്ന കെട്ടിടത്തിന്റെ ഭാഗത്ത് നിലവിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് ശേഷം ഉള്ള ഭാഗം അപേക്ഷകൻ സംരക്ഷണഭിത്തി നിർമ്മിക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

താൽക്കാലിക ഷെഡ്ഡുമായി ബന്ധപ്പെട്ട വിഷയത്തിൽ അടുത്ത സ്ഥലമുടമയുടെ  അനുമതിപത്രവും കെട്ടിടത്തിൽ മേൽഭാഗം ഓപ്പണിങ് ഇല്ലാതെ വിധം മാറ്റങ്ങൾ വരുത്തിയും മേൽ സംരക്ഷണഭിത്തി പൂർത്തീകരിച്ചതിനു ശേഷവും മേൽ അപേക്ഷയിൽ തുടർ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സെക്രട്ടറിക്ക് നിർദേശം നൽകി തീരുമാനിച്ചു

//ശരിപകർപ്പ്//

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002